**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1294** **14-03-2022 - ൽ മറുപടിയ്ക്ക്**

**മലയാള ലിപി ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലയാള ലിപി വ്യവസ്ഥയിലെ സങ്കീർണതകൾ ഒഴിവാക്കി എഴുത്തിലും അച്ചടിയിലും ടൈപ്പിങ്ങിലും ഏകീകൃത ലിപി വ്യവസ്ഥ കൊണ്ടുവരുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. മലയാളഭാഷയിൽ ഏകീകൃത ഭാഷാരചനാസമ്പ്രദായം രൂപപ്പെടുത്തുന്നതിനും 1971-ലെ ലിപി പരിഷ്കരണ ഉത്തരവ് പുന:പരിശോധിക്കുന്നതിനും മലയാളഭാഷയിൽ പുതിയ വാക്കുകൾ കണ്ടെത്തി അംഗീകരിക്കുന്നതിനുമായി 30/10/2021-ലെ ജി.ഒ(ആർ.റ്റി)169/2021/ പി&എ.ആർ.ഡി, 07/12/2021-ലെ ജി.ഒ(ആർ.റ്റി)219/2021/ പി&എആർഡി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഭാഷാമാർഗ്ഗ നിർദ്ദേശക വിദഗ്ധ സമിതി രൂപവൽക്കരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ഒന്നാമത് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | മലയാള ഭാഷ പരിഷ്കരണവുമായി ബന്ധപ്പെട്ട് വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ടോ; പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഉണ്ട് . പ്രസ്തുത സമിതി ഒന്നാം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഉന്നതതല സമിതിയുടെ പരിശോധനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഏകീകൃത ലിപി സമ്പ്രദായം എന്നത്തേയ്ക്ക് നിലവിൽ കൊണ്ടുവരുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഭാഷാമാർഗനിർദ്ദേശക വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതല സമിതി മുമ്പാകെ സമർപ്പിക്കണമെന്നും പ്രസ്തുത സമിതിയുടെ അംഗീകാരം ലഭിച്ച ശേഷം നടപ്പാക്കണമെന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത സമിതിയുടെ തീരുമാന പ്രകാരം തുടർ നടപടി കൈക്കൊള്ളുന്നതാണ്. |
| (ഡി) | ഏകീകൃത ലിപി സമ്പ്രദായം നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഉന്നതതല സമിതിയുടെ തീരുമാനത്തിന് വിധേയമായി നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ "

-17-

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - ഭാഷാമാർഗനിർദ്ദേശക വിദഗ്ധസമിതി - അംഗത്തെ ഉൾപ്പെടുത്തിക്കൊണ്ടും അധ്യക്ഷനെ നിയമിച്ചുകൊണ്ടും ഉത്തരവുപുറപ്പെടുവിക്കുന്നു

---

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

**ജി.ഒ.(ആർ ടി) നം.219/2021/പി & എ ആർ ഡി** **തിരുവനന്തപുരം, തീയതി, 07/12/2021**

പരാമർശം:- 1. 27-08-2021-ൽ ചേർന്ന ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതലസമിതിയോഗത്തിന്റെ നടപടിക്കുറിപ്പ്

2. 30-10-2021 ലെ ജി.ഒ.(ആർ ടി) നമ്പർ 169/2021/പി & എ ആർഡി

**ഉത്തരവ്**

പരാമർശം (2) ലെ സർക്കാരുത്തരവു പ്രകാരം രൂപവൽകൃതമായ ഭാഷാമാർഗ്ഗനിർദ്ദേശക വിദഗ്ധസമിതിയിലേക്ക് ശ്രീശങ്കരാചാര്യസംസ്കൃതസർവകലാശാലയുടെ മുൻ പ്രോവൈസ്ചാൻസലറായ ഡോ.എസ്. രാജശേഖരനെ അംഗമായി ഉൾപ്പെടുത്തിക്കൊണ്ടും ചീഫ് സെക്രട്ടറിയെ സമിതിയുടെ അധ്യക്ഷനായി നിയമിച്ചുകൊണ്ടും ഉത്തരവു പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**ഡോ. ആഷ തോമസ് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി
നിയുക്തസമിതി അംഗങ്ങൾ (ആമുഖക്കത്തുസഹിതം)
ചെയർമാൻ, ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാ സമിതി (ആമുഖക്കത്തുസഹിതം)
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറി ( ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ്) യുടെ പി. എ.യ്ക്ക്,
ജോയിന്റ് സെക്രട്ടറി (ഔദ്യോഗികഭാഷാവകുപ്പ്) യുടെ പി. എ.യ്ക്ക്,
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര-പൊതുജനസമ്പർക്കവകുപ്പ്
ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

/ 13

"ഭരണഭാഷ മാതൃഭാഷ "

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - മലയാളഭാഷയിൽ ഏകീകൃതഭാഷാരചനാസമ്പ്രദായം രൂപപ്പെടുത്തുന്നതിനും 1971 ലെ ലിപിപരിഷ്കരണ ഉത്തരവ് പുനഃപരിശോധിക്കുന്നതിനും ഭാഷാമാർഗനിർദ്ദേശക വിദഗ്ധസമിതി രൂപവൽക്കരിച്ചുകൊണ്ട് ഉത്തരവ്പുറപ്പെടുവിക്കുന്നു

**ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

**സ.ഉ.(കൈ)നം.169/2021/ഉ.ഭ.പ.വ.** **തിരുവനന്തപുരം, തീയതി 30-10-2021**

പരാമർശം:- 27-08-2021 ൽച്ചേർന്ന ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതലസമിതിയോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

മലയാളഭാഷയിൽ ഏകീകൃത ലിപിവിന്യാസരീതി ആവശ്യമാണെന്നും 1971 ലെ ലിപിപരിഷ്കരണ ഉത്തരവ് പുനഃപരിശോധിക്കണമെന്നും മലയാളഭാഷയിൽ പുതിയ വാക്കുകൾ കണ്ടെത്തി അംഗീകരിക്കുന്നത് അനിവാര്യമാണെന്നും ഇതിലേയ്ക്കായി ഒരു ഉന്നതതലസമിതി രൂപവൽക്കരിച്ച് തുടർനടപടി സ്വീകരിക്കണമെന്നും പരാമർശപ്രകാരം ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതലസമിതി തീരുമാനിച്ചിട്ടുള്ളതാണ്.

സംസ്ഥാനതലസമിതിയുടെ തീരുമാനം സർക്കാർ വിശദമായി പരിശോധിച്ചു മലയാളഭാഷയിൽ ചില വാക്കുകൾ വ്യത്യസ്ത ലിപികളിൽ എഴുതാറുണ്ട്. ഇതൊഴിവാക്കുന്നതിന് ഏകീകൃതലിപിവിന്യാസരീതി അനിവാര്യമാണ്. ഈ സാഹചര്യത്തിൽ, മലയാളഭാഷയിൽ ഏകീകൃതഭാഷാരചനാസമ്പ്രദായം രൂപപ്പെടുത്തുന്നതിനും 1971 ലെ ലിപിപരിഷ്കരണ ഉത്തരവ് പുനഃപരിശോധിക്കുന്നതിനും മലയാളഭാഷയിൽ പുതിയ വാക്കുകൾ കണ്ടെത്തി അംഗീകരിക്കുന്നതിനുമായി ഭാഷാമാർഗ്ഗനിർദ്ദേശക വിദഗ്ധസമിതി താഴെപ്പറയുംപ്രകാരം രൂപവൽക്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അംഗങ്ങൾ**

1 ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ
2 ഡോ. ചാത്തനാത്ത് അച്യുതനുണ്ണി
3. ഡോ. പി. സോമൻ
4. ഡോ. വി. ആർ. പ്രബോധചന്ദ്രൻ
5. പ്രൊഫ. വി. മധുസൂദനൻ നായർ
6. വൈസ്ചാൻസലർ, മലയാളസർവകലാശാല (എക്സ്-ഒഫീഷ്യോ)
7. ശ്രീ. ചാക്കോ പൊരിയത്ത്
8. ഡോ. എൻ. പി. ഉണ്ണി
9. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധി
10. കേരള യൂണിവേഴ്സിറ്റിയിലെ ലെക്സിക്കൻ വിഭാഗത്തിന്റെ പ്രതിനിധി
11 ഭാഷാവിദഗ്ധൻ, ഔദ്യോഗികഭാഷാവകുപ്പ്

ഔദ്യോഗികഭാഷാവകുപ്പിലെ ഭാഷാവിദഗ്ധൻ സമിതിയുടെ സെക്രട്ടറിയായിരിക്കും ഭാഷാമാർഗ്ഗനിർദ്ദേശക വിദഗ്ധസമിതിയുടെ ശിപാർശകൾ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഔദ്യോഗികഭാഷാ ഉന്നതതലസമിതി മുമ്പാകെ സമർപ്പിക്കേണ്ടതും പ്രസ്തുത സമിതിയുടെ അംഗീകാരം ലഭിച്ചശേഷം നടപ്പാക്കേണ്ടതുമാണ്.

ഭാഷാമാർഗ്ഗനിർദ്ദേശക വിദഗ്ധസമിതി 2021 നവംബർ 1 ന് നിലവിൽവരുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**

**ഡോ. ആഷ തോമസ് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി
നിയുക്തസമിതി അംഗങ്ങൾ (ആമുഖക്കത്തുസഹിതം)
ചെയർമാൻ, ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാ സമിതി (ആമുഖക്കത്തുസഹിതം)
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറി (ഔദ്യോഗികഭാഷാവകുപ്പ്) യുടെ പി. എ യ്ക്ക്.
ജോയിന്റ് സെക്രട്ടറി(ഔദ്യോഗികഭാഷാവകുപ്പ്) യുടെ പി.എ.യ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര-പൊതുജനസമ്പർക്കവകുപ്പ്
ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ